**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2166** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഫയർ ആൻഡ് റെസ്ക്യൂ സേനയിലെ പുതിയ സംവിധാനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിലവിൽ പ്രയോഗത്തിലിരിക്കുന്നതും ഉപയോഗിക്കാൻ പദ്ധതിയിട്ടിരിക്കുന്നതുമായ പുതിയ സംവിധാനങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | അപകട സ്ഥലങ്ങളിൽ മനുഷ്യന് നേരിട്ട് എത്തിച്ചേരുവാൻ സാധിക്കാത്ത ഇടങ്ങളിലും അഗ്നിരക്ഷാ പ്രവർത്തനം സാധ്യമാക്കുന്ന രണ്ടെണ്ണം റോബോട്ടിക് ഫയർ ഫൈറ്റിംഗ് എക്യുപ്മെന്റ് വിത്ത് കാരീയിംഗ് വെഹിക്കിളുകൾ, ജലാശയ അപകടങ്ങളിൽ വെള്ളത്തിനടിയിൽ തിരച്ചിൽ നടത്തുന്നതിനു ഉപയോഗപ്രദമായ അണ്ടർവാട്ടർ ROV/അണ്ടർവാട്ടർ ഡ്രോണുകൾ, നഗര പ്രദേശങ്ങളിലും ഗ്രാമ പ്രദേശങ്ങളിലുമുള്ള ഇടുങ്ങിയ റോഡുകളിലൂടെ അനായാസം യാത്ര ചെയ്ത് ഫസ്റ്റ് റെസ്പോണ്ടറായി പ്രവർത്തിക്കുവാൻ ഉതകുന്ന ഫസ്റ്റ് റെസ്പോൺസ് വെഹിക്കിളുകൾ, പുക പടലങ്ങൾ / ശ്വാസ തടസ്സമുണ്ടാകുന്ന അന്തരീക്ഷം എന്നവിടങ്ങളിൽ സുഗമമായി രക്ഷാ പ്രവർത്തനം നടത്തുവാൻ ഉതകുന്ന ബ്രീത്തിംഗ് അപ്പാരറ്റസ് സെറ്റുകൾ, ജലാശയ അപടകങ്ങളിൽ രക്ഷാ പ്രവർത്തനങ്ങൾ നടത്തുവാൻ ഉതകുന്ന സ്കൂബാ സെറ്റ് വിത്ത് ഡൈവിംഗ് സ്യൂട്ടുകൾ, ഉപകരണങ്ങളിലെ എയർ സിലിണ്ടറുകളിൽ എയർ നിറയ്ക്കുന്നതിനുള്ള ബ്രീത്തിംഗ് എയർ കംപ്രസറുകൾ തുടങ്ങി നിരവധി ആധുനിക സംവിധാനങ്ങൾ ഫയർ ആന്റ് റസ്ക്യൂ വകുപ്പിൽ നിലവിൽ പ്രയോഗത്തിലുണ്ട്.<br><br>ബഹുനിലകെട്ടിടങ്ങളിൽ ഉണ്ടാകുന്ന തീപിടുത്തം പോലെയുള്ള അപകടങ്ങളിൽ രക്ഷാപ്രവർത്തനം നടത്തുന്നതിനായി ഏരിയൽ ലാഡർ പ്ലാറ്റ്ഫോം, ഫയർ ഫൈറ്റിംഗ് ടവർ മോണിറ്റർ തുടങ്ങിയവ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഫയർ ആന്റ് റെസ്ക്യൂ സേനയിൽ ഡ്രോൺ ഉപയോഗിച്ച് രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ടോ; | (ബി) | ഇല്ല.<br><br>രക്ഷാപ്രവർത്തനങ്ങളിൽ നിരീക്ഷണം നടത്തുന്നതിനും ഏകദേശം 10 കിലയോളം ഭാരമുള്ള ഉപകരണങ്ങൾ എത്തിക്കുന്നതിനും ഉപയോഗിയ്ക്കുവാൻ |

| | | | |
|---|---|---|---|
| | | | സാധിയ്ക്കുന്ന ഡ്രോണുകൾ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| (സി) | ഇല്ലെങ്കിൽ ബഹുനില കെട്ടിടങ്ങളിൽ തീ അണയ്ക്കൽ പ്രവർത്തനങ്ങൾ നടത്തുക, രക്ഷാപ്രവർത്തകർക്ക് എത്തിപ്പെടാൻ സാധിക്കാത്ത സ്ഥലങ്ങളിൽ അപകടത്തിൽപ്പെട്ടവരെ കണ്ടെത്തുക തുടങ്ങിയ ആവശ്യങ്ങൾക്കായി ഡ്രോൺ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഇല്ല.<br><br>രക്ഷാപ്രവർത്തനങ്ങളിൽ നിരീക്ഷണം നടത്തുന്നതിനും ഏകദേശം 10 കിലയോളം ഭാരമുള്ള ഉപകരണങ്ങൾ എത്തിക്കുന്നതിനും ഉപയോഗിയ്ക്കുവാൻ സാധിയ്ക്കുന്ന ഡ്രോണുകൾ വാങ്ങുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ